ന്ധിച്ച് ഈ സെഷനിലെ ആദ്യദിവസംതന്നെ പറഞ്ഞു; ഇന്നും അദ്ദേഹം പറഞ്ഞു. പക്ഷേ ഇന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു, കാലതാമസം വന്നുവെന്ന്. കാലതാമസം വന്നു എന്നത് വസ്തുതയാണ്. അതുകൂടെ വച്ചുകൊണ്ടുതന്നെ അതിന്റെ കേസ് അന്വേഷണം പൂർത്തിയായി. മുഖ്യമന്ത്രി അത് പരിശോധിച്ച് കുറ്റവാളികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പുനൽകിയിട്ടുള്ളതാണ്. മുഖ്യമന്ത്രി പറഞ്ഞ കാര്യം ചെയർ മുഖവിലയ്ക്കെടുക്കുകയാണ്. (ബഹളം).....ഓർഡർ....ഓർഡർ.....നോ ഫർതർ ഡിസ്ക്കഷൻ....

IV. ക്രമപ്രശ്നം

നിയമസഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകിയില്ല എന്നതു സംബന്ധിച്ച്

<u>ശ്രീ. ജി. കാർത്തികേയൻ</u> : ഈ സഭയിൽ ധാരാളം എം.എൽ.എ.മാർ പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് നിയമസഭാ സാമാജികന്മാർക്ക് നിയമസഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല എന്നുള്ളത്. ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുന്നത് ഉത്തരങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ്. ഏതെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ ഉടനെ അതിന്റെ ഉത്തരം ലഭിച്ചില്ലെങ്കിൽ നമുക്ക് മനസ്സിലാകും, വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു, വിവരം അറിയിക്കുന്നതാണ് എന്ന്. ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ നിരന്തരമായി അതിന്റെ ഉത്തരങ്ങൾ ലഭിക്കുന്നില്ല. മനഃപൂർവ്വമായി ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. കഴിഞ്ഞ ജൂൺ 22-ാം തീയതി ബഹുമാനപ്പെട്ട അംഗം കെ.സി. വേണുഗോപാൽ ഒരു കാര്യം പരാമർശിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അതിനെ ഗൗരവതരമായി എടുത്തു. പക്ഷേ ഇവിടെ അത് ഗൗരവതരമായി വന്നില്ല. ഇന്ന് ഈ സമ്മേളനം അവസാനിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിച്ചാണ് രണ്ടുവശത്തും ഇരിക്കുന്ന അംഗങ്ങൾ വന്നിട്ടുള്ളത്. ഭരണപരമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനുള്ള അവകാശം നിയമസഭാംഗങ്ങൾക്കുണ്ട്. സ്വാഭാവികമായിട്ടും അതിന്റെ ചുമതല നിർവ്വഹിക്കേണ്ടതും മറുപടി നൽകേണ്ടതും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളാണ്. ഡിപ്പാർട്ടുമെന്റുകൾ മന്ത്രിമാരുടെ കൺട്രോളിൽ അല്ലേ? ഈ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരല്ലേ? മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ കൺട്രോളിലല്ലേ അവരുടെ വകുപ്പുകൾ? മെമ്പർമാർ ചോദ്യത്തിന് നോട്ടീസ് നൽകുമ്പോൾ നിയമസഭ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഉത്തരം നൽകേണ്ട ഉത്തരവാദിത്വം വകുപ്പുദ്യോഗസ്ഥന്മാർ എടുക്കാത്തതാണോ? അതോ ഇൻകൺവീനിയന്റായിട്ടുള്ള ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ അതിന്റെ മറുപടി വളരെ ബോധപൂർവ്വം ഗവൺമെന്റ് മറയ്ക്കുന്നതാണോ? ഇവിടെ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഉണ്ട്. ഇതിനൊക്കെ മറുപടി ഞാൻ വായിക്കേണ്ടതില്ലല്ലോ. ഇവിടെ നോട്ടീസ് നൽകിയിരുന്ന ചോദ്യങ്ങൾ ഇനി പറയുന്ന വിഷയങ്ങൾ സംബന്ധിച്ചാണ്. മന്ത്രിമാർക്ക് മൊബൈൽ ഫോൺ, വിദേശ പരിശീലനം ലഭിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ, റിട്ടയർ ചെയ്തവരുടെ പുനർനിയമനം, കുറ്റവാളികളായ പോലീസുകാർ, ദേവാലയമോഷണം. അഡ്വക്കേറ്റ് ജനറലിന്റെ ഡെൽഹി സന്ദർശനം, അദ്ദേഹം വാദിച്ച കേസുകൾ, പൊതുമേഖലസ്ഥാപനങ്ങളിലെ തലവൻമാരുടെ വിദേശയാത്ര, മന്ത്രിമാരുടെ ചെലവ്, സംസ്ഥാനത്തു നടന്ന കൊലപാതകങ്ങൾ, ഭവനഭേദനം, കൊള്ള ഇതെല്ലാമാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് 16 ചോദ്യങ്ങളെ സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 16 ചോദ്യങ്ങളും ചെയർ പരിശോധിച്ചു. അതിൽ 13 ചോദ്യങ്ങൾ മുഖ്യമന്ത്രിയോടാണ്. 2 ചോദ്യം വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോടാണ്. ഒരെണ്ണം തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയോടാണ്.

ശ്രീ. ജി. കാർത്തികേയൻ : ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടിയാണ് ഞാൻ ചോദിച്ചത്. 16 ചോദ്യം എന്നു മാത്രമേയുള്ളൂ. ഇപ്പോഴും എന്നും മറുപടി പറയാറുള്ളതുപോലെ മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇതൊരു കീഴ്വഴക്കമായി വരാൻ പാടില്ല. നോട്ടീസ് നൽകിയ ചോദ്യങ്ങൾക്ക് സമയത്ത് ഉത്തരം ലഭിക്കണമെന്നുള്ളത് നിയമസഭാചട്ടങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഞങ്ങളുടേയുംകൂടെ സഹകരണത്തോടുകൂടി ഇപ്പോൾ ചോദ്യങ്ങളുടെ എണ്ണം ലിമിറ്റുചെയ്തിരിക്കുകയാണ്. ആ സാഹചര്യത്തിൽ നോട്ടീസ് നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്ത ഒരു സാഹചര്യം ഇവിടെ നിയമസഭാ ചട്ടങ്ങൾക്കും നിയമസഭാനടപടികൾക്കും എന്നു മാത്രമല്ല, ആരെ പ്രതിനിധീകരിച്ചാണോ ഞങ്ങൾ ഇവിടെയിരിക്കുന്നത് അവർക്കു നേരെയുള്ള ഒരു യുദ്ധം പ്രഖ്യാപിക്കൽകൂടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ചോദ്യങ്ങൾക്ക് മറുപടി കിട്ടാത്തതിനെപ്പറ്റി സ്പീക്കർ തന്നെ കഴിഞ്ഞതവണ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഇതിന് ഞാൻ മറുപടി പറയാം. നിയമസഭയിൽ എം.എൽ.എ.മാർ നോട്ടീസ് നൽകിയ ചില ചോദ്യങ്ങൾക്ക് പൂർണ്ണമായ മറുപടി ലഭിച്ചില്ല എന്ന ആക്ഷേപമാണ് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ചിരിക്കുന്നത്. ഈ നിയമസഭാ സമ്മേളനത്തിൽ ഭരണകക്ഷിയിലും പ്രതിപക്ഷ കക്ഷിയിലുംപെട്ട നിയമസഭാ സാമാജികന്മാരുടെ നക്ഷത്രചിഹ്നമിട്ട 579-ഉം നക്ഷത്രചിഹ്നമിടാത്ത 3545-ഉം ചോദ്യങ്ങളിൽ 16 ചോദ്യങ്ങൾക്ക് പൂർണ്ണമായി മറുപടി നൽകിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഈ ചോദ്യങ്ങളെല്ലാം വ്യക്തവും വിശദവുമായ കണക്കുകൾസഹിതം മറുപടി നൽകേണ്ടവയാണ്. അല്ലാതെ അതിന്റെ തർക്കമൊന്നും ഞാൻ പറഞ്ഞിട്ടില്ല. സെക്രട്ടേറിയറ്റിൽനിന്നും മറ്റ് വിവിധ വകുപ്പുകളിൽനിന്നും വിവരം ലഭിക്കേണ്ടവയാണ് അവ. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ കൃത്യവും ആധികാരികവുമായിരിക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. പൂർണ്ണമായ വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറുപടികൾ നൽകണമെന്ന നിർബന്ധമുള്ളതുകൊണ്ടാണ് ചിലപ്പോൾ എന്തെങ്കിലും 'വിവരം ശേഖരിച്ചു നൽകുന്നതാണ്,' എന്ന് മറുപടി നൽകാൻ ഇടയാക്കുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിയമസഭയിൽനിന്ന് മറച്ചുവയ്ക്കണമെന്ന് യാതൊരു ഉദ്ദേശവും ഈ സർക്കാരിനില്ല. സർക്കാർ നടപടികൾ അങ്ങേയറ്റം സുതാര്യമായിരിക്കണം എന്ന ഉദ്ദേശമാണുള്ളത്. ചില നിയമസഭാചോദ്യങ്ങൾക്ക് പൂർണ്ണമായ മറുപടി യഥാസമയം ലഭിക്കാത്ത സാഹചര്യം മുൻസർക്കാരിന്റെ കാലത്തും ഉണ്ടായിട്ടുണ്ട്. അതിന്റെ കണക്ക് വേണമെങ്കിൽ തരാം. (ബഹളം...) ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ല. സ്പീക്കറോടാണ് പറഞ്ഞിട്ടുള്ളത്. നിങ്ങളോട് പറയേണ്ട ആവശ്യം എനിക്കില്ല. (ബഹളം...) എനിക്ക് സ്പീക്കറോട് പറഞ്ഞാൽ മതി. താങ്കളോട് പറയണ്ട. വലിയ ബഡായി പറയുന്നു. അതൊരു പുതിയ കാര്യമല്ല. ചില ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ട വിശദ വിവരങ്ങൾ യഥാസമയം ശേഖരിക്കുന്നതിനും മറുപടി തയ്യാറാക്കുന്നതിനുമുള്ള പ്രായോഗിക വൈഷമ്യങ്ങൾ ഒരു മുൻമന്ത്രികൂടിയായ ശ്രീ. കാർത്തികേയൻ മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു. ഭാഗിക

LIBRARY ARCHIVES Kerala Legislative Assembly

മായ മറുപടി നൽകിയ ചോദ്യങ്ങൾക്ക് പൂർണ്ണമായ മറുപടി എത്രയും പെട്ടെന്നുതന്നെ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുത്തിട്ടുള്ള ലൈബ്രറി സെസ്സിനെ സംബന്ധിച്ചുള്ള ചോദ്യത്തിനാണ് ഉത്തരം നൽകാൻ താമസിച്ചത്. അടിയന്തിരമായി വിവരം കിട്ടുന്നതിനുവേണ്ടിയുള്ള ഏർപ്പാട്ചെയ്തിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവരം ശേഖരിക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ടാണ് താമസം വന്നിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ റൂൾ 307 അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ "നിന്നോടല്ലെടാ പറഞ്ഞത്" എന്നുപറഞ്ഞു. അതൊരിക്കലും പാർലമെന്ററി അല്ല, രണ്ടു പ്രാവശ്യം മുഖ്യമന്ത്രി പറഞ്ഞു, പറഞ്ഞത് ഞാൻ കേട്ടതാ, അത് പരിശോധിക്കണം.

മി. സ്പീക്കർ : ഇല്ല, പറഞ്ഞിട്ടില്ല ഞാനും കേട്ടുകൊണ്ടിരിക്കുകയാണ്. നമ്മളെല്ലാം കേട്ടുകൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇല്ല, അങ്ങനെ പറഞ്ഞിട്ടില്ല, ഇത് ശ്രീ. ആര്യാടന്റെ സ്ഥിരമായ ദുർവ്യാഖ്യാനമാണ്.

ശ്രീ. പി.പി. തങ്കച്ചൻ : ചോദ്യോത്തരങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ചാണ്. കഴിഞ്ഞ നിയമസഭയിൽ നമുക്ക് ചോദ്യത്തിന് നോട്ടീസ് നൽകുന്നതിന് ലിമിറ്റ് ഇല്ലായിരുന്നു. 800-900 ചോദ്യങ്ങൾ വരെ ഒരു ദിവസം വന്നുകൊണ്ടിരുന്നു. സ്പീക്കറുടെ താൽപ്പര്യവും, ഞങ്ങൾ രണ്ടുകൂട്ടരും സഹകരിച്ചതും, മന്ത്രിമാരുടെ ബുദ്ധിമുട്ടും എല്ലാംകൂടി കണക്കിലെടുത്തിട്ടാണ് ചോദ്യങ്ങൾ ലിമിറ്റു ചെയ്യാൻ ഇപ്പോൾ ഞങ്ങൾ സമ്മതിച്ചത്. അന്നൊരു കമിറ്റ്മെന്റ് ഉണ്ടായിരുന്നു. ലിമിറ്റ് ചെയ്യുന്നതുകൊണ്ട് ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം തരാമെന്ന്. ലിമിറ്റ് ചെയ്ത സാഹചര്യത്തിൽപ്പോലും ഉത്തരങ്ങൾ കിട്ടിയില്ല. ആ കാര്യത്തിൽ മന്ത്രിമാർക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്. ഇതിൽ ചില ചോദ്യങ്ങളുണ്ട്. അതിൽ ഒരു ചോദ്യം മന്ത്രിമാരുടെ വിദേശയാത്ര എത്ര? മൊബൈൽ ഫോൺ എത്ര? അതുസംബന്ധിച്ച വിവരം ജി.എ.ഡി.യിൽ നിന്നു മാത്രം ശേഖരിച്ചാൽ മതി, വേറെ ഒരു സ്ഥലത്തും പോകേണ്ട. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി പറഞ്ഞതുപോലെ സംസ്ഥാനം ഒട്ടാകെ കണക്ക് ശേഖരിക്കേണ്ടതുണ്ടെങ്കിൽ ഉത്തരം വൈകുന്നത് മനസ്സിലാക്കാം, പലതിനും ജി.എ.ഡി.യിൽ ചോദിച്ചാൽ മതി. രാവിലെ ചോദിച്ചാൽ ഒരു മണിക്കൂർകൊണ്ട് ഉത്തരം കിട്ടും. അതുപോലും തരുന്നില്ല. ഇൻകൺവീനിയന്റ് ആയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം തരാതെ മനഃപൂർവ്വം അവോയിഡ് ചെയ്യുന്നതാണ്, അത് സമ്മതിക്കാൻ പാടില്ല.

മി. സ്പീക്കർ : ശ്രീ. ഇ.എം.അഗസ്തി എഴുതിത്തന്ന നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അന്നുതന്നെ കൊടുത്തു. അത് പരിശോധിച്ചു. പക്ഷേ ഉന്നയിച്ച കാര്യത്തിന് മറുപടി പറഞ്ഞില്ല എന്നേയുള്ളൂ, അത് പ്രസക്തമായ കാര്യവുമല്ല.

ശ്രീ. ഇ.എം. അഗസ്തി : സർ, 29.6.1999-ൽ ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി മറുപടി പറയേണ്ടുന്ന ചോദ്യമാണ് 878, അതിന് മറുപടി പറഞ്ഞത് ജൂലൈ മാസം 5-ാം തീയതിയാണ്. ഈ മറുപടിയിലെ ഒരു കാര്യംപോലും ചോദ്യത്തിനുള്ള ഉത്തരമല്ല. എന്റെ ചോദ്യം ഈ സംസ്ഥാനത്ത് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഹൈവേകൾ പ്രഖ്യാപിച്ചിട്ടുണ്ട്, അപ്രകാരം പ്രഖ്യാപിക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകൾ പൂർത്തീകരിക്കുന്നതിന് എത്ര കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നാണ്. അതിനുള്ള മറുപടി കിട്ടിയിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച സ്റ്റേറ്റ് ഹൈവേകൾക്ക് എത്ര കോടി രൂപ ചെലവാക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല എന്നാണ് മറുപടി. എന്റെ അടുത്ത ഒരു ചോദ്യം നിർദ്ദിഷ്ട സ്റ്റേറ്റ് ഹൈവേകളിൽ ഓരോന്നിനും എത്ര കിലോമീറ്റർ പണിക്കുള്ള അനുമതിയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്; അവയുടെ പേര് വ്യക്തമാക്കുമോ എന്നതാണ്. ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ള ജോലികൾക്ക് എത്രകോടിരൂപ വകയിരുത്തിയിട്ടുണ്ട്? പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പണികൾ ടെൻഡർ ചെയ്യുമ്പോഴും, ഭരണാനുമതി നൽകുമ്പോഴുമുള്ള ഒരു നടപടിക്രമമുണ്ട്. ആ നടപടിക്രമത്തിൽ ഏതൊക്കെ ഭരണാനുമതിയാണ് നൽകുന്നത്; എത്ര കോടി രൂപ ചെലവാകും എന്നതിനെ സംബന്ധിച്ച് ഈ നിയമസഭ അറിയണം. എന്നാൽ അതിനുള്ള മറുപടി 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ്. അങ്ങനെ ഒരു മറുപടിയുടെ ആവശ്യമുണ്ടോ? ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളുടെ സഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഏജൻസി ഏതാണ്; എത്ര കോടി രൂപയുടെ സഹായമാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് എന്ന ചോദ്യത്തിനും 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ് ഉത്തരം തന്നിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു ദിവസം ഒരു ഹൈവേയ്ക്ക് നാല് ഉദ്ഘാടനം നടന്നു. ആലപ്പുഴ കുമരകം ഹൈവേയ്ക്ക് നാല് ഉദ്ഘാടനം എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നടത്തുകയാണ്, നാലു കിലോമീറ്റർ ദൂരത്തിൽ. എത്ര കോടി രൂപ ആ ഹൈവേയ്ക്ക് വേണ്ടിവരുമെന്നും, അതിന് എവിടെ നിന്നാണ് പണം കണ്ടെത്തുന്നത് എന്നും ഈ സഭയെ അറിയിക്കണ്ടെ? ഈ ചോദ്യത്തിന് എന്തെങ്കിലും ഉത്തരം നൽകിയിട്ട് എന്താണ് കാര്യം? ഞാൻ മറ്റൊരു ചോദ്യം ചോദിച്ചിരുന്നു, സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ ഒരു ഡയറക്ടറുടെ നിയമനത്തിൽ നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്ന്.

മി. സ്പീക്കർ : ഇല്ല, അതില്ല, അത് വേറെ എടുക്കാം.

ശ്രീ. ഇ.എം. അഗസ്തി : നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്ന ചോദ്യത്തിന് തെറ്റായ, വിരുദ്ധമായ മറുപടിയാണ് കിട്ടിയത്. ഞാൻ അത് ഇവിടെ പ്രിവിലേജ് ഇഷ്യൂ ആയി നോട്ടീസ് തന്നിട്ടുണ്ട്. തെറ്റായ വിവരങ്ങൾ നൽകുക, വിവരങ്ങൾ നൽകാതിരിക്കുക, വിവരങ്ങൾ മൂടിവയ്ക്കുക-ഇത്തരത്തിൽ സഭാംഗങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും നിഷേധിക്കത്തക്കരീതിയിലുള്ള സമീപനം ശരിയല്ല. അങ്ങ് ചെയർമാനായി, ഞാനുംകൂടി അംഗമായിട്ടുള്ള റൂൾസ് കമ്മിറ്റിയാണ് ചോദ്യത്തിനുള്ള എണ്ണത്തിൽ ക്രമീകരണങ്ങൾ വരുത്താൻ തീരുമാനിച്ചത്. അന്ന് അങ്ങ് പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്. സഭാനടപടികൾ സുതാര്യമാക്കാനും, കാര്യക്ഷമമാക്കാനും മന്ത്രിമാർ സഹകരിക്കും എന്ന ഉറപ്പിലാണ് ഞങ്ങളോട് സഹകരിക്കണം എന്ന് അങ്ങ് പറഞ്ഞത്. അത് മാനിച്ചാണ് റൂൾസ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്.

മി. സ്പീക്കർ : അങ്ങയുടെ ചോദ്യം ഇവിടെ തന്നത് ഞാൻ പരിശോധിച്ചു, വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കാണ് അങ്ങയുടെ ചോദ്യം. 29.6.99-ലാണ് മറുപടി പറയേണ്ടത്. ആ ചോദ്യത്തിന് 7 പിരിവുകളുണ്ട്. 'എ, ബി' പിരിവുകൾക്ക് പൂർണ്ണമായി ഉത്തരം നൽകിയിട്ടുണ്ട്. മറ്റു പിരിവുകൾക്ക് വിവരം ശേഖരിച്ചുവരുന്നു എന്നാണ് പറഞ്ഞത്. അതിൽ സ്റ്റേറ്റ് ഹൈവേക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ പണികൾ പൂർത്തിയാക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര.....

<u>ശ്രീ. ഇ.എം. അഗസ്തി</u>: ഇല്ല സാർ, ഒരെണ്ണത്തിനുമാത്രമേ ആൻസർ ഉള്ളൂ, 'എ' പിരിവിന് മാത്രമേ ഉത്തരം ഉള്ളൂ.

<u>മി. സ്പീക്കർ</u> : (എ)ക്കും (ബി)ക്കും ഉത്തരം നൽകിയിട്ടുണ്ട്. അത് രണ്ടും ഒന്നാണ്. ബാക്കി (സി) മുതലാണ് വരുന്നത്. ഞാൻ പരിശോധിച്ചു എന്നുമാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രിതന്നെ രേഖകളുമായി എന്റെ ചേംബറിൽ വന്നു, അദ്ദേഹവുമായിട്ട് ഞാൻ ഡിസ്ക്കസ് ചെയ്തു അതുകൊണ്ടാണ് പറയുന്നത്. അദ്ദേഹം പറയുന്നത് പല ഡിവിഷനുകളിലാണ് ഈ വർക്കുകൾ നടക്കുന്നത് എന്നാണ്. ആ വർക്കുകളുടെ മൈനൃൂട്ട് ഡീറ്റെയിൽസാണ് ചോദിച്ചിരുന്നത്, സഭയ്ക്ക് കൃത്യമായി വിവരം താരാതിരുന്നാൽ പ്രിവിലേജിന്റേയും മറ്റും ഇഷ്യൂ ഉണ്ട്. അതുകൊണ്ട് അതിന് അൽപ്പം സമയം എടുക്കും. എന്നേയുംകൂടി ബഹുമാനപ്പെട്ട മന്ത്രി ബോദ്ധ്യപ്പെടുത്തി, അദ്ദേഹത്തിന്റെ അന്നത്തെ വിശദീകരണത്തിൽ ഞാൻ ഫുള്ളീ കൺവിൻസ്ഡായി അതിന് കുറച്ചുകൂടി സമയം എടുക്കും. ഈ നോട്ടീസിൽ പറ്റില്ല എന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ടാണ് അക്കാര്യം ശ്രീ. അഗസ്തിയെ അറിയിച്ചത്. അതു മാത്രമേയുള്ളൂ. ഇവിടെ ചർച്ചചെയ്യപ്പെടുന്നത് പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. ഈ സഭയുടെ കാലയളവിലാണ് ഈ ക്രമീകരണം, കസ്റ്റ്യൻ എണ്ണം ലിമിറ്റ് ചെയ്തുകൊണ്ടുള്ള ഒരു നല്ല തീരുമാനം വന്നത് നല്ല തീരുമാനം എന്നുതന്നെയാണ് ചെയ്റിന്റെ അഭിപ്രായം. സദുദ്ദേശത്തോടുകൂടി ചോദ്യങ്ങളുടെ ക്വാളിറ്റി ഉയർത്തുന്നതിനും, നിലവാരം ഉയർത്തുന്നതിനും വേണ്ടി സമയബന്ധിതമായിട്ടുള്ള ഒരു പാക്കേജ് എന്ന നിലയിലാണ് ആ തീരുമാനം കൊണ്ടുവന്നത്. കഴിഞ്ഞ കാലങ്ങളിൽ എത്രയോ അനുഭവങ്ങളുണ്ട്. ലിമിറ്റില്ലാത്ത ചോദ്യങ്ങളാണ്. ആർക്കും ആരോടും ഒരു ഉത്തരവാദിത്വവുമില്ല. അതിന് ആൻസർ കിട്ടിയില്ല എന്നുപറയുന്നതൊക്കെ വെറും പരിദേവനങ്ങളായിട്ട് പോകുകയാണ്. ഒരു അഞ്ചു വർഷക്കാലയളവിൽ ചോദിച്ച ചോദ്യത്തിന് അടുത്ത ടേമിൽപ്പോലും ഉത്തരം കിട്ടാത്ത അനുഭവങ്ങൾ ഉണ്ട്. പക്ഷെ അതിനൊക്കെ ഒരു മാറ്റം വരുത്താൻവേണ്ടിയാണ് ചോദ്യങ്ങളുടെ എണ്ണം ക്രമീകരിച്ചത്. ഏറ്റവും നല്ല സദുദ്ദേശത്തോടുകൂടിയാണ് അത് ചെയ്തത്. ഈ സഭയ്ക്കുതന്നെ അത് നടപ്പിലാക്കാനുള്ള ബാദ്ധ്യതയുണ്ട് എന്ന് ചെയർ പറയാൻ ആഗ്രഹിക്കുകയാണ്. നമുക്കുതന്നെ അതിന് ബാദ്ധ്യതയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചോദ്യങ്ങളും ഉത്തരങ്ങളും നമുക്ക്, ഈ സഭയ്ക്ക്, പൂർണ്ണമായും നിയന്ത്രിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് വരേണ്ടതായിട്ടുണ്ട്. അതിന് എന്തൊക്കെ തീരുമാനമെടുക്കാൻ കഴിയുമെന്നതിന് കുറച്ച് സാവകാശം കൊടുക്കേണ്ടതുണ്ട്. ഒരു കാര്യംകൂടി ചെയർ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നു. 'വിവരം ശേഖരിച്ചുവരുന്നു' എന്ന് ചില ചോദ്യങ്ങൾക്ക് ആദ്യം തന്നെ മറുപടി കിട്ടിയത്, പരിശോധിച്ചപ്പോൾ ചില ചോദ്യങ്ങൾക്ക് വിവരം ശേഖരിക്കാതെ നിർവ്വാഹമില്ലാത്തതായിട്ടുണ്ട്. വിവരം ശേഖരിക്കേണ്ടതായിട്ടുണ്ട്. അതിന് സാവകാശം കൊടുക്കേണ്ടതായിട്ടുണ്ട്. പക്ഷേ വിവരം ശേഖരിച്ചുവരുന്നു എന്ന് ഒഴുക്കൻ മട്ടിൽ പറയാതെ എത്ര സമയം കൊണ്ട് വിവരം ശേഖരിച്ചു തരാൻകഴിയും എന്ന് ഒരു ഉറപ്പുകൂടി സഭയ്ക്ക് നൽകിയാൽ നന്നായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ശ്രീ. കാർത്തികേയൻ അക്കാര്യം ഉന്നയിച്ചു, ഈ സെഷന്റെ മാത്രമല്ല കഴിഞ്ഞ സെഷന്റെയും ഉണ്ട്, ഒന്നിലധികം സെഷന്റേത് ഒരിക്കലും വരാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സെഷൻ കഴിയുമ്പോഴും വിവരം ശേഖരിച്ചുവരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ എല്ലാംകൂടി ക്രോഡീകരിച്ചുകൊണ്ട് ഫൈനലൈസ് ചെയ്യാൻ കഴിയണം. ആ രൂപത്തിൽ ഒരു ചിട്ടയായ പ്രവർത്തനം ഈ രംഗത്ത് കൊണ്ടു വരാൻ കഴിഞ്ഞാൽ നമുക്ക് ഇതിന് പരിഹാരം കാണാൻ കഴിയും. അങ്ങനെയുള്ള ഒരു നടപടിയാണ് ചെയർ ഉദ്ദേശിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു കാര്യം അങ്ങ് പറഞ്ഞത് ഞാൻ പൂർണ്ണമായിട്ടും അംഗീകരിക്കുന്നു. ചില കാര്യങ്ങളിൽ ഇൻഫർമേഷൻ കിട്ടാൻ ബുദ്ധിമുട്ട് ഉണ്ടാകും. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പറഞ്ഞതുപോലെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ടാകും. എന്നാൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിദേശത്ത് പോയതിന് എന്തു തുക ചെലവായി എന്നത് സംബന്ധിച്ച വിവരം അവരുടെ ഓഫീസിലില്ലേ സർ? അത് തരാൻ 'വിവരം ശേഖരിച്ചു വരുന്നു' എന്നു പറഞ്ഞാൽ എന്തു ന്യായമാണ് അതിനകത്തുള്ളത്?

മി. സ്പീക്കർ : അതു പറഞ്ഞു, വിവരം പെട്ടെന്ന് ശേഖരിക്കാവുന്ന കാര്യങ്ങളും ശേഖരിക്കാൻ സമയം ആവശ്യമുള്ള കാര്യങ്ങളും ഒക്കെ ഉണ്ടാകും. അതെല്ലാം പരിശോധിച്ചുകൊണ്ട് സമയബന്ധിതമായി മറുപടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

V. മേശപ്പുറത്തുവച്ച കടലാസുകൾ

Chief Minister (Shri E.K. Nayanar) Sir, I lay on the Table: Notification No. 35819/SSA2/99/Home dated 11the June, 1999 (S.R.O. No. 517/99).

Minister for Local Administration (Shri. Paloly Muhammedkutty) Sir, on be behalf of the Minister for Forest and Transport, I lay on the Table:

1. G.O. (P) No. 56/99/F&WLD dated 28th May, 1999 (S.R.O. No. 537/99).
2. G.O. (P) No. 52/99/F&WLD dated 25th May, 1999 (S.R.O. No. 538/99).
3. G.O. (P) No. 51/99/F&WLD dated 25th May, 1999 (S.R.O. No. 539/99).
4. G.O. (P) No. 50/99/F&WLD dated 25th May, 1999 (S.R.O. No. 540/99).
5. G.O. (P) No. 58/99/F&WLD dated 3rd June, 1999 (S.R.O. No. 546/99).

Minister for Irrigation and Labour (Shri. V.P. Ramakrishna Pillai) Sir, I lay on the Table:

Annual Accounts of Kerala Water Authority for the year 1996-97 together with statement showing the reasons for delay in submitting the same.

Minister for Electricity and Co-operation (Shri S. Sarma) sir, I lay on the Table:

1. G.O.(Ms) No.16/99/PD dated 28th June, 1999 (S.R.O. No. 580/99).
2. Annual Statement of Accounts of Kerala State Electricity Board for the year 1996-97 together with statement showing the reasons for delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly